(ബി) അഴിമതി അവസാനിപ്പിക്കുവാൻ നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അവിഹിതസ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നത് സംബന്ധിച്ച് നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) 1944-ലെ ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസ് അനുസരിച്ച് അവിഹിതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല.

ദേശീയ വികസന സമിതി യോഗനിർദ്ദേശങ്ങൾ

*13. [137] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. കെ. പി. മോഹനൻ :

,, സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വികസന സമിതി യോഗത്തിൽ, കേരളത്തിന്റെ താല്പര്യങ്ങൾ കണക്കിലെടുത്ത് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുഖ്യമന്ത്രി കേന്ദ്രത്തിൽ സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇക്കാര്യത്തിൽ അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ദേശീയ വികസന സമിതി യോഗത്തിൽ കേരളത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് മുഖ്യമന്ത്രി സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു;

1. കാർഷിക മേഖലയിൽ പ്രത്യേകിച്ച് നാണ്യവിളകളെ സംബന്ധിച്ച പ്രശ്നങ്ങൾ.

2. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നയരൂപീകരണം.

3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

4. കേരളത്തിന്റെ ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ.

5. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് അനുയോജ്യമായി മാറ്റേണ്ടതിന്റെ ആവശ്യകത.

6. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പൊതുവിതരണത്തിൽ കുറഞ്ഞ നിരക്ക് ഏർപ്പെടുത്തുക.

7. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക.

8. തൊഴിലധിഷ്ഠിത ഉന്നതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ.

9. പരമ്പരാഗത വ്യവസായ വികസനം.

10. വിദ്യുച്ഛക്തി മേഖലയിലെ പരിഷ്കരണം സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ആക്കി തീർക്കുക.

11. വിഭവ വിന്യാസത്തിൽ പഞ്ചായത്ത് രാജ് സംവിധാനം നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രോൽസാഹനം.

12. സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ നടപ്പിലാക്കുമ്പോൾ പാവപ്പെട്ട വിഭാഗങ്ങൾക്ക് ഊന്നൽ നൽകൽ.

13. റൂറൽ ഹെൽത്ത് മിഷനിൽ കേരളം അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ കൂടി ഉൾപ്പെടുത്തുക.

14. എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം കേരളത്തിന് അനുയോജ്യമായി നവീകരിക്കുക.

15. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുക.

16. സ്ത്രീശാക്തീകരണത്തിന് പ്രാധാന്യം നൽകുക.

17. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പ്രകാരം കേരളത്തിന് നഷ്ടമായ തുക പരിഹരിക്കുന്നതിന് പ്രത്യേക സഹായം.

(ബി) മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ സംസ്ഥാന സംബന്ധമായ പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly